# ഉപദേശത്തിനും
# പ്രസംഗത്തിനുമുള്ള
# സഹായങ്ങൾ

**ഡേവിഡ് റോപ്പർ**

## ദാവീദിന്റെ ജീവിതം

1. 1 ശമു. 16 ............................................. ദാവീദിന്റെ ആദ്യകാലത്തെ ജീവിതം
2. 1 ശമു. 17 ........................................................................ ദാവീദും ഗൊല്യാത്തും
3. 1 ശമു. 17-23; 2 ശമു.1 ............................................... ദാവീദും യോനാഥാനും
4. 1 ശമു. 18-23 .................................................. ദാവീദ് ഒരു അഭയാർത്ഥിയായി
5. 1 ശമു. 24-26; 2 ശമു. 1 ........................... ദാവീദ് ശൗലിനെ വെറുതെ വിട്ടു
6. 1 ശമു. 27-2 ശമു. 2 .......... ദാവീദിന്റെ ഫിലിസ്ത്യയിലെ പതിനാറുമാസം
7. 2 ശമു. 2-6; 23; 1 ദിന.11-14 ...... രാജാവായി ദാവീദിന്റെ ആദ്യ കാലങ്ങൾ.
8. 2 ശമു. 6; 7; 1 ദിന. 13; 15-17; 22; 28 ...................... ദാവീദും ദൈവത്തിന്റെ നിയമപെട്ടകവും
9. 2 ശമു. 8-12; 21; 23; 1 ദിന. 11; 18-20; 23-27 ........... രാജാവായി ദാവീദിന്റെ വിജയം
10. 2 ശമു. 11; 12 ............................................................ ദാവീദും ബത്ത്ശേബയും
11. 2 ശമു. 11-16; 18 .................... ബേത്ത്ശേബയുമായി പാപം ചെയ്തശേഷം ദാവീദിനുണ്ടായ കുഴപ്പങ്ങൾ
12. 2 ശമു. 15-20 .................................... ദാവീദും കർത്താവിന്റെ അച്ചടക്കവും
13. 2 ശമു. 21-24; 1 രാജാ. 1; 2; 1 ദിന. 20-29 ............... ദാവീദിന്റെ അവസാന കാലങ്ങൾ

## *ദാവീദിന്റെ കുടുംബ വൃക്ഷം*

*ദാവീദിന്റെ സഹോദരന്മാർ*
*ഏലിയാബ്*

*ദാവീദിന്റെ കുട്ടികൾ*
*3:6–8 ൽ ഒമ്പതു*
*പുത്രന്മാരെയും*
*ാടുത്തിട്ടുണ്ട്)*

[redacted]

*ബോവാ*
*രൂത്ത്*

*അംനോൻ*

*ദാനിയേൽ (ചിലെയാബ്)*

*അബ്ശലോമും താമാറും*

*അദോനിയാവ്*

*ഷെഫതിയ*

*ഇത്രയാം*

*ശലോമോൻ*
*(മറ്റു മൂന്നു മക്കളും)*

യോവാബ
അശായേൽ

## *ദാവീദിന്റെ കുടുംബം*

*ദാവീദിന്റെ അമ്മ.* തിരുവെഴുത്തിൽ ദാവീദിന്റെ അമ്മയെ കുറിച്ച് പറയുന്നുണ്ട്, എന്നാൽ അവളുടെ പേർ ഒരിടത്തും പറഞ്ഞിട്ടില്ല. ദാവീദിന്റെ ജീവിതത്തെ കുറിച്ചു വിവരിക്കുവാൻ അറുപത്തി – ആറു അദ്ധ്യായങ്ങൾ ഉപയോഗിക്കുന്നതിനെ പരിഗണിക്കുമ്പോൾ, ഇത് ആശ്ചര്യമായി തോന്നും. ഇത് അവളെ കുറിച്ചു ചില സംശയങ്ങൾക്ക് ഇടനൽകുന്നതായിരുന്നു.

ദാവീദ്, അഭയാർത്ഥി ആയിരുന്നപ്പോൾ, തന്റെ അപ്പനെയും അമ്മയെയും മാവോബ് രാജാവിനെ ഏല്പിച്ചിരുന്നു (1 ശമു. 22:3), ചിലർ പറയുന്നത് ഇശായി, തന്റെ മുത്തച്ഛനായിരുന്ന ബോവാസിനെ പോലെ, ഒരു മോവാബ്യ സ്ത്രീയെ ഭാര്യയായി എടുത്തു എന്നാണ്.

മറ്റു ചില ഊഹാപോഹങ്ങൾ സങ്കീർത്തനങ്ങൾ 51–ൽ പറഞ്ഞിരിക്കുന്ന ഈ വാക്യത്തെ കേന്ദ്രീകരിച്ചുള്ളതാണ്: "ഇതാ, ഞാൻ അകൃത്യത്തിൽ ഉരുവായി, പാപത്തിൽ എന്റെ അമ്മ എന്നെ ഗർഭം ധരിച്ചു" (വാ. 5). പാരമ്പര്യത്തിന്റെ അധഃപ്പതനത്തെ തെളിയിക്കുവാൻ കാൽവിനിസ്റ്റുകാർ ഇതിനെ ഉപയോഗിക്കുന്നു, എന്നാൽ നാം "പാപത്തിൽ ജനിക്കുന്നു" *എന്നല്ല* തിരുവെഴുത്തുകൾ പറയുന്നത് – പിന്നെയോ ഓരോരുത്തനും അവനവന്റെ പാപങ്ങൾക്കാണ് ഉത്തരവാദി, അല്ലാതെ ആദാം അടക്കമുള്ള, മുൻഗാമികളുടേതിനല്ല (സഭാ.പ്ര. 7:29; യെഹ. 18:4, 19, 20; സെഖ. 12:1; മത്താ. 18:3; 19:14; പ്രവൃത്തികൾ 17:29; റോമർ 2:6; 1 കൊരി. 14:20; 2 കൊരി. 5:10; ഗലാ. 6:5; മുതലായവ.). ദാവീദ് തന്റെ സ്വന്ത പാപത്തെ കുറിച്ചല്ല പറഞ്ഞത്, എന്നാൽ അവൻ ഗർഭം ധരിച്ചതും ജനിച്ചതുമായ സാഹചര്യം പാപമുള്ളതായിരുന്നു എന്നത്രേ. പാപമുള്ള ലോകത്തെ കുറിച്ചുള്ള കീർത്തനാസൂചകം ആയിരിക്കാം ആ വാക്കുകൾ – എന്നാൽ "പാപത്തിൽ എന്റെ അമ്മ എന്നെ ഗർഭം ധരിച്ചു" എന്നതിൽ ഇരുണ്ട അർത്ഥം അടങ്ങിയിരിക്കുന്നു. ആ സങ്കീർത്തനം വ്യഭിചാരമെന്ന പാപത്തെ കുറിച്ചുള്ളതാണ്; ദാവീദു പറഞ്ഞത് അവന്റെ അമ്മയിൽ ആ കുറ്റമുണ്ടായിരുന്നു എന്നാണോ? ചിലർ വിചാരിക്കുന്നത്, ദാവീദ് നിയമവിരുദ്ധമായി, ആഗ്രഹിക്കാതെ മറ്റുള്ളവർക്ക് ഭാരമായി ആ കുടുംബത്തിൽ ജനിച്ച കുട്ടി ആണെന്നാണ്.

ദാവീദിന്റെ അമ്മയുടെ കുഴപ്പത്തെ നാം ഒരിക്കലും ചികയരുത്, എന്നാൽ അവന് അവളെ ഇഷ്ടമായിരുന്നു എന്നും അവളെ കരുതിയിരുന്നു എന്നും സൂചനയുണ്ട് (1 ശമു. 22:3; 2 ശമു. 19:37).

*ദാവീദിന്റെ സഹോദരിമാർ.* ദാവീദിന്റെ രണ്ടു സഹോദരിമാരായ, സെരൂയയും അബീഗയിലും, അവരുടെ മക്കളുടെ പേരും സംബന്ധിച്ചു 1 ദിന. 2:16, 17–ൽ ഉണ്ട്. സെരൂയയുടെ ഒരു മകന്റെ പേരായിരുന്നു യോയാബ്. അബീഗയിലിനെ (അബീഗൽ) 2 ശമു. 17:25–ൽ പറയുമ്പോൾ, അവൾ സെരൂയയുടെ സഹോദരിയാണെന്നു പറഞ്ഞിരിക്കുന്നു (അവൾക്ക് യോയാബ് എന്ന മകൻ ഉണ്ടായിരുന്നു). അവൾ യിശായിയുടേതിനു പകരം "നാഹാശിന്റെ മകൾ," എന്നാണ് വിവരിച്ചിരിക്കുന്നത്. പല വിശദീകരണങ്ങൾ കൊടുത്തിട്ടുണ്ട്: (1) "നാഹാശ്" എന്നത് യിശായിയുടെ മറ്റൊരു പേരായിരുന്നു. (2) "നാഹാശ്" യിശായിയുടെ ഭാര്യമാരിൽ ഒരാളായിരുന്നു. (3) രണ്ടു മക്കളുണ്ടായിരുന്ന ഒരു വിധവയെ ആയിരുന്നു യിശായി വിവാഹം കഴിച്ചത്, അവൾ മുൻപ് നാഹാശ് എന്നയാളുടെ ഭാര്യ ആയിരുന്നു. അതിനെ

കുറിച്ചു ഉറപ്പു തരുന്ന വളരെ കുറച്ചു വിവരങ്ങളേ നമുക്കുള്ളൂ.

*ശേഷിച്ച തന്റെ കുടുംബത്തോടു ദാവീദിനുണ്ടായിരുന്ന ബന്ധം.* എല്ലാ നിഗമനങ്ങളെയും യോജിപ്പിച്ചാൽ, ദാവീദ് എല്ലാവർക്കും ഒരു അർത്ഥസഹോദരനോ വൈമാത്രേയസഹോദരനോ ആയിരുന്നു. എന്തുകൊണ്ട് അവൻ പുറമെയുള്ളവൻ എന്നു പറഞ്ഞിരിക്കുന്നു എന്നതിനുള്ള വിശദീകരണം നൽകുവാൻ ഇതു സഹായിച്ചേക്കാം.

---

### *സ്വവർഗ്ഗരതിയെ ഇഷ്ടപ്പെടുന്നവർ?*


സ്വവർഗ്ഗ രതി ദൈവം അനുവദിക്കുന്നു എന്നു തെളിയിക്കുവാൻ ശ്രമിക്കുന്നവർ പലപ്പോഴും ദാവീദിനെയും യോനാഥാനെയും ഉദാഹരണമായി ബൈബിളിൽ നിന്ന് എടുത്തു കാണിക്കാറുണ്ട്. തെളിവായി, അവർ സൂചിപ്പിക്കുന്നത് (1) ആ ജോഡിയുടെ അടുപ്പം; (2) യോനാഥാന് ദാവീദിനോട് ഉണ്ടായിരുന്നു "സ്നേഹം" (1 ശമു. 18:1, 3); (3) അവർ ചുംബിച്ചിരുന്നു എന്ന വസ്തുത (1 ശമു. 20:41); (4) യോനാഥാനെ കുറിച്ചുള്ള ദാവീദിന്റെ വിലാപത്തിൽ ഇപ്രകാരം പറയുന്നു: "നിനക്ക് എന്നോടുള്ള സ്നേഹം സ്ത്രീകളുടേതിനേക്കാൾ മനോഹാരിത ഏറിയതാണ്" (2 ശമു. 1:26).

രണ്ടുപേരും മനോഹരമായ ബന്ധമാണ് പുലർത്തിയത്, എന്നാൽ അവർക്കിടയിൽ "നേരംപോക്ക്" ഉണ്ടായിരുന്നതിന് തെളിവില്ല പിന്നെയോ "നേരായ" ബന്ധമുള്ളതിനാണ് തെളിവുള്ളത്. അവർ രണ്ടുപേരും വിവാഹിതരും കുട്ടികൾ ഉള്ളവരും ആയിരുന്നു (1 ദിനവൃ. 3:1–9; 9:40). യോനാഥാന്റെ ദാവീദിനോടുള്ള "സ്നേഹം" എബ്രായ വാക്കിൽ *ആഹേബ്* ആയിരുന്നു, അത് പങ്കാളിയോടുള്ള സ്നേഹത്തിൽ മാത്രമുപയോഗിക്കുന്ന പൊതുവായ വാക്കായിരുന്നില്ല (ഉൽ. 24:67), എന്നാൽ ഒരു കുട്ടിയോടുള്ളതും (ഉൽ. 22:2), ആഹാരത്തോടുള്ളതും (ഉൽ. 27:4), ദൈവത്തോടും (പുറ. 20:6), അല്ലെങ്കിൽ അയൽക്കാരനോടും ഉള്ളതായിരുന്നു (ലേവ്യാ 19:18). ആ വാക്കിനു സ്വവർഗ്ഗ രതി എന്ന അർത്ഥമേ ഇല്ല.

അക്കാലത്ത് ചുംബനം എന്നത് വന്ദനം ചെയ്യുന്നതിനുള്ള ഒരു സാധാരണ രീതിയായിരുന്നു (റോമ. 16:16), അത് കൈകൊടുക്കുന്നതു പോലെയാണ്. ഇന്നും കവിളിൽ ചുംബിക്കുന്നത് സാധാരണ വന്ദനം ആയിട്ടാണ് ലോകത്തിന്റെ പല ഭാഗത്തും കണക്കാക്കുന്നത്.

യോനാഥാനു ദാവീദിനോടുള്ള സ്നേഹം "സ്ത്രീകളുടെ സ്നേഹത്തെക്കാൾ മനോഹരമായിരുന്നു" കാരണം ആ സ്നേഹം *നിസ്വാർത്ഥ*മായിരുന്നു. ദാവീദിന്റെ സ്നേഹിതൻ ആയിരുന്നതിനാൽ യോനാഥാന് കോട്ടമല്ലാതെ നേട്ടം ഒന്നുമില്ലായിരുന്നു. ഇതു ദാവീദിനെ അത്ഭുതപ്പെടുത്തി.

*സ്വവർഗ്ഗരതിയെ കുറിച്ചു ബൈബിൾ എന്തു പഠിപ്പിക്കുന്നുവെന്ന് വായിക്കുക. ഉൽ. 13:13; 19:5–11; ലേവ്യാ. 18:22; 20:13; ന്യായാ. 19:22–28; 1 രാജാ. 14:24; 15:12; 22:46; 2 രാജാ. 23:7; റോമ. 1:18–32; 1 കൊരി. 6:9–12; ഗലാ. 5:19–21; 1 തിമൊ. 1:9, 10; യൂദാ. 7.*



ദക്ഷിണ പാലസ്തീൻ
ദാവീദിന്റെ ആദ്യ കാലങ്ങളിൽ
ചിന്നേരത്ത്
കടൽ
(ഗലീലി)
യോർദ്ദാൻ നദി
രാമാ
ജിബേഷ്
നോബ്
ജെബസ്
(ആദ്യത്തെ യെരുശലേം)
ബെത്ത്ലേഹെം
ഏലാ താഴ്‌വര
അദുല്ലാം
ഗത്ത്
മദ്ധ്യധരണ്യാഴി കടൽ
(ഫിലിസ്ത്യർ)
കെയിലാ
എഞ്ചെഡി
ഉപ്പു
കടൽ
സിഫ്
കാർമേൽ
മായോൻ
(മോവാബ്യർ)
ഹേരേത്ത് വനം
(അമലേക്യർ)
മൈലുകൾ
0
കിലോമീറ്റർ
0
10
(ഏദോമ്യർ)
ട്രൂത്ത് ഫോർ ടുഡേ
ഈ മ്യാപ്പ് പഠന ആവശ്യങ്ങൾക്ക്
ഉപയോഗിക്കാം.